# Athmaraksha.org

ലേഖനം - അനുഭവം, സാക്ഷ്യം

## കാഴ്ച നൽകുന്ന മരുന്ന്



കുരിശിലേറ്റിയ യേശു മരിച്ചോ എന്ന് ഉറപ്പു വരുത്തണം. അതിനായി ആ പട്ടാളക്കാരൻ യേശുവിന്റെ മാർവിടത്തിൽ കുന്തംകൊണ്ട് കുത്തി. അപ്പോൾ ആദ്യം അവിടെനിന്ന് രക്തം ഒഴുകി. അത് ആ പട്ടാളക്കാരന്റെ കണ്ണുകളിലേക്കും വീണു. കാഴ്ച നഷ്ടപ്പെട്ടിരുന്ന ഒരു കണ്ണ് ആ നിമിഷം തന്നെ തുറന്നു, അയാൾക്ക് കാഴ്ച ലഭിച്ചു! ആ പട്ടാളക്കാരൻ വിശ്വാസത്തോടെ പ്രഖ്യാപിച്ചു. 'യേശു രക്ഷകനായ ദൈവമാണ് അതെ, ദൈവത്തെ കാണാതെ വിഷമിച്ചു നിൽക്കുന്ന ഏവരുടെയും കണ്ണുകൾ യേശു തന്റെ രക്തത്താൽ തുറന്നുകൊടുക്കുന്നു.

അവിടുത്തെ കൃപയുടെ സമൃദ്ധിക്കൊത്തം നമുക്ക് ക്രിസ്തുവിൽ പാപമോചനവും അവന്റെ രക്തംവഴി രക്ഷയും കൈവന്നിരിക്കുന്നു (എഫേസോസ് 1:7)